കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

www.ksad.kerala.gov.in

# കരിമ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ–പികെഡി12/407/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട് ജില്ല

തീയതി –04.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരിമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിമ്പുഴ ഗ്രാമപഞ്ചായത്ത്. - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പി.കെ.ഡി12/407/2020 തിയതി: 04.06.2020

## പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 7.9.18 മുതൽ 9.2.2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ |
| | ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം - 10.02.2020 മുതൽ 19.02.2020വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | പി. രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എ. സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ലിക്സി അലക്സ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി: ഷീബ പി.ടി | 1.4.18മുതൽ 31.3.19വരെ |
| സെക്രട്ടറി | ശ്രീ. സുരേഷ്. പി<br>(അസി. സെക്രട്ടറി ഇൻ ചാർജ്ജ്) | 1.4.18 മുതൽ 26.4.18 വരെ |
| | ശ്രീമതി. ഷീല. എം.ബി | 27.4.18 മുതൽ 23.6.18 വരെ |
| | ശ്രീമതി. ഉദയ. കെ | 25.6.18 മുതൽ 9.10.18 വരെ |
| | ശ്രീ. റോയ്. കെ. മാത്യ<br>അസി. സെക്രട്ടറി (ഇൻചാർജ്ജ്) | 24.6.18 മുതൽ 24.6.18 വരെ<br>10.10.18 മുതൽ 14.10.18 വരെ |
| | ശ്രീമതി. ജെ.സുധ | 15.10.18 മുതൽ 31.3.19 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സുരേഷ്. പി | 01-04-2018 മുതൽ 22.6.18 വരെ |
| | ശ്രീ. റോയ്. കെ. മാത്യ | 23.6.18 മുതൽ 31.10.18 വരെ |
| | ഒഴിവ് | 1.11.18 മുതൽ 28.11.18 വരെ |

| | | |
|---|---|---|
| | ശ്രീ.കെ.എൽ.വേണുഗോപാൽ | 29.11.18 മുതൽ 14.3.19 വരെ |
| | ശ്രീമതി. അനിത. ടി (എച്ച്. സി. ഇൻ ചാർജ്ജ) | 15.3.19 മുതൽ 31.3.19വരെ |
| അസി.എഞ്ചിനീയർ | കെ.പി. ബാലകൃഷ്ണൻ | 01-04-2018 മുതൽ 30.4.18 വരെ |
| | കർണ്ണൻ. എം. ആർ | 1.5.18 മുതൽ 13.6.18 |
| | ഹരികൃഷ്ണൻ. വി | 14.6.18 മുതൽ 4.7.18 വരെ |
| | അനശ്രീ. കെ | 5.7.18 മുതൽ 26.10.18 വരെ |
| | റസീന. സി.പി. | 27.10.18 മുതൽ 31-3-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | സ്മിത സുധാകർ. സി.എസ്. | 01-04-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ബൈജു. പി | 01-04-2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ആഷ. എസ് | 01-04-2018 |

| | | |
|---|---|---|
| (ആയുർവ്വേദം) | | മുതൽ 17.7.18വരെ |
| | ഡോ. ശോഭ. കെ | 18.7.18 മുതൽ 31.3.19 വരെ |
| വെറ്ററിനറി സർജൻ | രഞ്ജിത്ത് മോഹൻ. എം | 01-04-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ഡോ. ആഷ. വി. പിള്ള | 1-4-2018 മുതൽ 2.9.18 വരെ |
| | ശ്രീമതി. നീതു ചന്ദ്രൻ | 3.9.18 മുതൽ 31-3-2019 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | സുജ. കെ.കെ | 01-04-2018മുതൽ 27.7.2019 വരെ |
| | കദീജ.എം.എസ് | 28.7.2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അനീഷ്. നാരായണൻ | 01-04-2018 മുതൽ 31-3-2019 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |

| | | |
|---|---|---|
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം: |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | ബജറ്റ് നടപടിക്രമങ്ങളുടെ പാലനം സംബന്ധിച്ച് |
| 12 | 1-12 | വസ്തുനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ |
| 13 | 1-13 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ |
| 14 | 1-14 | പുതുക്കിയ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് |
| 15 | 1-15 | കമ്പ്യൂട്ടർ ലഭ്യമാക്കാത്തതിനാൽ 206295/-രൂപ തിരികെ വാങ്ങേണ്ടതാണ്. |
| 16 | 1-16 | സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി - ഫൈനൽ ബില്ലിൽ വിശദവിവരം രേഖപ്പെടുത്തേണ്ടതാണ്. |
| 17 | 1-17 | തെരുവ് വിളക്ക് സ്ഥാപിക്കൽ - കെ.എസ്.ഇ.ബി സാക്ഷ്യപത്രം ഇല്ല |
| 18 | 1-18 | തെരുവ് വിളക്കുകളുടെ പരിപാലനം. |
| 19 | 1-19 | പൊതുടാപ്പുകൾ |
| 20 | 1-20 | പാലിന് സബ്സിഡി - സബ്സിഡി തുക ലക്ഷ്യം വച്ച മുഴുവൻ കാലയളവിലും നല്കാൻ സാധിച്ചില്ല |
| 21 | 1-21 | കോക്ലിയർ ഇംപ്ലാന്റേഷൻ സഹായിക്ക് ധനസഹായം നല്കൽ - വിനിയോഗ രേഖകൾ ലഭ്യമാക്കണം |
| 22 | 1-22 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 23 | 1-23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കുട്ടേണ്ടതാണ്. |
| 24 | 1-24 | പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ - ഒരേ വ്യക്തിക്ക് രണ്ട് സബ്സിഡി |
| 25 | 1-25 | ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം |
| 26 | 1-26 | ലൈഫ് പദ്ധതി- അവലോകനം |
| 27 | 1-27 | കുടുംബശ്രീ-ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുകകൾ തിരിച്ചടക്കണം |
| | | |

| | | |
|---|---|---|
| 28 | 1-28 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ കാര്യങ്ങൾ |
| 29 | 1-29 | ഗുണഭോക്തൃ കമ്മറ്റി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ - അപാകതകൾ: |
| 30 | 1-30 | അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. |
| 31 | 1-31 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം: |
| 32 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 33 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 36 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 37 | 4-6 | സ്ഥിര നിക്ഷേപം |
| 38 | 4-7 | ഓഡിറ്റ് റിക്കവറി |
| 39 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 40 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 41 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 43 | അനുബന്ധം -1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 44 | അനുബന്ധം 2 | പത്രികകൾ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

27.3.2018 തീയതിയിലെ 1 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 26,734,936 |
| വരവ് | 146610000 |
| ആകെ | 173344936 |
| ചെലവ് | 164033100 |
| | |

| | |
|---|---|
| നീക്കിയിരുപ്പ് | 9311836 |

റിവൈസ്ഡ് ബഡ്ജറ്റ് 4.2.2019 ന് ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി പാസാക്കിയിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 20.5.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7155510 |
| വരവ് | 103395130 |
| ആകെ | 110550640 |
| ചെലവ് | 79339907 |
| നീക്കിയിരിപ്പ് | 31210733 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 19037571 | 19037571 | 16369124.00 | 2668447 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9770000 | 9770000 | 7421384 | 2348616 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 163000 | 163000 | 0 | 163000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6021000 | 6021000 | 4735854 | 1285146 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3885000 | 3885000 | 1777854 | 2107146 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br><br>(ACR പ്രകാരം) | | 0 | 8837000 | 8837000 | 8794618 | 42382 |
| സാക്ഷരത | | 9195 | 326 | 9521 | 0 | 9521 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 28074290 | 28074290 | 28074290 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 12990 | 655273 | 668263 | 606766 | 61497 |
| കേന്ദ്രാവിഷ്കൃത | | 1490836 | 2300425 | 3791261 | 180000 | 3611261 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ(TSC) | | | | | | |
| ICDS | | 771290 | 634075 | 1405365 | 911871 | 493494 |
| ഗുണഭോക്തൃ വിഹിതം | | 39255 | 713550 | 752805 | 706800 | 46005 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2823750 | 2823750 | 2539150 | 284600 |
| | ജില്ലാ പഞ്ചായത്ത് | 45250 | 1229455 | 1274705 | 1229455 | 45250 |
| ബി ഫണ്ട് | | 0 | 112970 | 112970 | 112970 | 0 |
| KSCB പ്രത്യേക അക്കൗണ്ട് | | 67275 | 2018 | 69293 | 0 | 69293 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3508611 | 64894184 | 68402795 | 62540898 | 5861897 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 1357117 | 34803954 | 36161071 | 15661743 | 20499328 |
| | VPFA 1-2 | 594224 | 6373 | 600597 | 6373 | 594224 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 321 | 120060795 | 222 | 66021159 | 99 | 69.16 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 2386668 | 2209268 | 92.57 |
| വെറ്ററിനറി സർജൻ | 6 | 4 | 4690800 | 1297920 | 27.67 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 6 | 1499460 | 1276008 | 85.1 |
| മെഡിക്കൽ | 1 | 1 | 500000 | 500000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ (ആയുർവദ) | | | | | |
| വി.ഇ.ഒ | 9 | 6 | 52961582 | 27475555 | 51.88 |
| ഐ.സി.ഡി.എസ് | 11 | 9 | 6412860 | 6074078 | 94.72 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 3036800 | 1515736 | 49.91 |
| സെക്രട്ടറി | 25 | 15 | 6174571 | 3237508 | 52.43 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 247 | 167 | 41401554 | 21607586 | 52.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 675000 | 675000 | 100 |
| ഹെഡ്മാസ്റ്റർ | 3 | 2 | 321500 | 152500 | 47.43 |
| ആകെ | 321 | 222 | 120060795 | 66021159 | 54.99 |

അസിസ്റ്റന്റ് എഞ്ചിനീയർ 167 പ്രൊജക്ടുകൾ നടപ്പാക്കിയെങ്കിലും 15 എണ്ണം ക്യൂ ബിൽ ആയി 2019-20ൽ ആണ് തുക ചെലവഴിച്ചത്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12990 | 655273 | 668263 | 606766 | 61497 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 28074290 | 28074290 | 28074290 | 0 |
| | 12990 | 28729563 | 28742553 | 28681056 | 61497 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 110760 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 10338600 | 2506 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 17554900 | 4159 |
| വാർദ്ധക്യകാലപെൻഷൻ | 22361700 | 5155 |
| വികലാംഗപെൻഷൻ | 5401900 | 1260 |
| 50 വയസ്സിന മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1489100 | 354 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31,771രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം:

കരിമ്പുഴ ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ Office Order ആണ് നിലവിൽ ഉള്ളത്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി പാസാക്കുകയും ചെയ്തിട്ടുണ്ട്. ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്.

വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട് സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ

എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. 2 ഫയർ എക്സ്റ്റിങ്ഗ്യൂഷറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഒരു ബാങ്ക് അക്കൗണ്ട് ഒഴികെയുള്ള അക്കൗണ്ടുകൾ സാംഖ്യയിൽ ചേർത്തിട്ടുണ്ട്. കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് സ്വീകരിക്കുന്നതിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനായി നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ അക്കൗണ്ട് തുടങ്ങിയത്. എന്നാൽ ഇപ്പോഴും ധനകാര്യക്കമ്മീഷൻ അവാർഡ് ട്രഷറിയിൽ ആണ് വരുന്നതെന്നതിനാൽ ഈ അക്കൗണ്ടിൽ തുകയൊന്നും വന്നിട്ടില്ല. അതിനാൽ ഈ ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/ പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറക്ക് അസിറ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഇത് കെട്ടിട നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക് വസ്തു നികുതി നിർണ്ണയിച്ച് ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച് സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറക്ക് നികുതി ഡിമാന്റ് സഞ്ചയ സോഫ്റ്റ്വേറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. കാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. കുടുംബ ശ്രീ മുഖേന ഡിമാന്റ് നോട്ടീസ് എത്തിക്കുകയും, മൈക്ക് അനൗൺസ്മെന്റ് നടത്തുകയും ഗ്രാമ സഭകളിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. 2017-18ൽ പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്തിട്ടുണ്ട്. 2018-19ലും 100% പിരിവ് കൈവരിക്കാനായിട്ടില്ല. 76.1% പിരിവാണ് 2018-19ൽ നേടാനായത്. പ്രത്യേകതയുള്ള ഭൂ പ്രകൃതിയും ഗ്രാമ പഞ്ചായത്തിന്റെ വിസ്തൃതിയും കണക്കിലെടുക്കുമ്പോൾ 100% പിരിവ് കൈവരിക്കുന്നതിനായി ജീവനക്കാരുടെ കൂട്ടായ ശ്രമത്തോടൊപ്പം ഭരണ സമിതിയുടെ പിന്തുണയും അനിവാര്യമാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരും വാങ്ങൽ നടപടിക്രമങ്ങൾ കൂടുതൽ ശ്രദ്ധയോടെ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാമഗ്രികൾക്കും ആന്വൽ മെയിന്റനൻസ് സർവ്വീസ് ഏർപ്പെടുത്തിക്കാണുന്നില്ല. സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാമഗ്രികൾക്കും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഏർപ്പെടുത്തേണ്ടതാണ്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2016-17 വർഷം വരെ സൃഷ്ടിച്ച ആസ്തികൾ മാത്രമാണ് ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് Software ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കുമാറേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. 2018-19 വർഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെയും അവയുടെ വിനിയോഗത്തിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ലഭിച്ച തുക | ചെലവ് | ശതമാനം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 19037571 | 16369124 | 85.98 |
| പ്ലാൻ (എസ്.സി.പി) | 9770000 | 7421384 | 75.96 |
| പ്ലാൻ (ടി.എസ്.പി) | 163000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവർഡ് | 8837000 | 8794618 | 99.52 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 6021000 | 4735854 | 78.66 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 3885000 | 1777854 | 45.76 |

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർ വർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണ സമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 21.01.2020 | 12/2019 | 21.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-05-2011 മുതൽ 25-5-2011 വരെ | 2006-07 മുതൽ 2010-11 വരെ | 4-7-2011 |

# 1-11 ബജറ്റ് നടപടിക്രമങ്ങളുടെ പാലനം സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1 (എ) (1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 12-03-2018 ൽ കൂടിയ യോഗത്തിൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബഡ്ജറ്റ് മാന്വലിലെ സമയക്രമവും പാലിക്കേണ്ടതാണ്.

# 1-12 വസ്തുനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ

<u>കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്</u>

2018 – 2019 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം താഴെ കൊടുത്തിരിക്കും വിധം വസ്തുനികുതി കുടിശ്ശികയാണുള്ളത്:
<u>റെസിഡെൻഷ്യൽ കെട്ടിടങ്ങൾ</u>

തൻ വർഷകുടിശ്ശിക- 237139 രൂപ

മുൻ വർഷങ്ങളിലെ കുടിശ്ശിക- 258584 രൂപ

<u>നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾ</u>

തൻ വർഷകുടിശ്ശിക -314020 രൂപ

മുൻ വർഷങ്ങളുലെ കുടിശ്ശിക-694258 രൂപ

ആകെ കുടിശ്ശിക-1504001 രൂപ

കുടിശ്ശിക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം. 13/ 17-02-2020)മറുപടിയായി, കെട്ടിടനികുതി പിരിക്കുന്നതിലേക്കായി ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ നടത്തിവരുന്നുണ്ടെന്നും ,കുടിശ്ശികയുള്ള എല്ലാ കെട്ടിട ഉടമസ്ഥർക്കും ഡിമാൻറ് നോട്ടീസ്, ആർ.ആർ നോട്ടീസ് എന്നിവ അയച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകൾ ഉണ്ട്. ഇതിൽ 4 എണ്ണത്തിന്റെ വസ്തുനികുതി കുടിശ്ശികയായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം. | ബിൽഡിംങ് നം. | ടവറിന്റെ പേര് | കുടിശ്ശിക |
|---|---|---|---|
| 1 | 3/416/A | റിലയൻസ് | 41834 |
| 2 | 13/75/c | റിലയൻസ് | 163 |
| 3 | 13/575 | എസ്.ആർ .ടെലി കമ്മ്യൂണിക്കേഷൻ | 48 |
| 4 | 13/588 | എയർടെൽ | 22572 |

മേൽപ്പറഞ്ഞ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) , (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, കരിമ്പുഴ പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.)സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഐഡിയൽ ബ്രഡ് ക്രമ്പ് ഫാക്ടറി,കോട്ടപ്പുറം | 1 |

മേൽ സ്ഥാപനത്തിന്റെ 1-ാം അർദ്ധവർഷ സ്ഥാപനനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.) ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലുള്ള വില്ലേജ് ഓഫീസ് 1&2 ലെ ജീവനക്കാരനായ സുധീഷ്.എസ്. എന്നിവർ 2-ാം അർദ്ധവർഷ തൊഴിൽനികുതി അടച്ചിട്ടില്ല.

3.) പഞ്ചായത്ത് പരിധിയിലെ മാവേലി സ്റ്റോറിന്റേയും , ക്ഷീരോദ്പാദക സഹകരണസംഘങ്ങളുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് (9/15-02-2019) മറുപടിയായി , ടി സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടവാക്കാനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

4.) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ എത്ര റീട്ടെയിൽ റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട് എന്നും ,ടി റേഷൻ കടകളുടെ ജീവനക്കാരുടെയും,സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുക എന്നും ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, 10 റേഷൻ കടകളാണ് പഞ്ചായത്ത് പരിധിയിൽ ഉള്ളത് എന്നു അറിയിച്ചിട്ടുണ്ട് . ടി സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപന തൊഴിൽനികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5.) കരാറുകാരുടെ തൊഴിൽ നികുതി സംബന്ധിച്ച്

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കരാറുകാരാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയിരിക്കുന്നത്.

| ക്രമനം. | കരാറുകാരന്റെ പേര് |
|---|---|
| 1 | അഷ്റഫ് .പി.പി |
| 2 | ഇ.കെ.സുലൈമാന് |
| 3 | ഇ.മൊയ്തീൻ |
| 4 | ഇ.കെ. അബ്ദുൾസലാം |
| 5 | മുസ്തഫ.ടി |
| 6 | കെ.ബാലകൃഷ്ണൻ |
| 7 | സലീം.എൻ |
| 8 | അസൈനാർ.എൻ |
| 9 | കുഞ്ഞീൻ.എൻ |
| 10 | പി.പി.ഷിഹാബുദ്ദീൻ |
| 11 | യു.രാധാകൃഷ്ണൻ |
| 12 | എം.ശിവരാമൻ |
| 13 | സി.മാധവൻ |
| 14 | പി.ചിന്നക്കുട്ടൻ |
| 15 | ടി.വീരാൻ |
| 16 | ഇ.ദാസൻ |

മേൽ കൊടുത്തിരിക്കുന്ന കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 പുതുക്കിയ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായ സ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. പുതുക്കിയ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (10/15-02-2019) മറുപടിയായി , 2019/2020 വർഷത്തിൽ ലൈസൻസിനുള്ള ഫീസ് വാങ്ങുന്നത് മൂലധനനിക്ഷേപത്തിൻെറ അടിസ്ഥാനത്തിലാണ് എന്ന് അറിയിച്ചിട്ടുണ്ട്.

<u>ബി) പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ കരിമ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

ആയതിനാൽ ,ടി റേഷൻകടകൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 കമ്പ്യൂട്ടർ ലഭ്യമാക്കാത്തതിനാൽ 206295/-രൂപ തിരികെ വാങ്ങേണ്ടതാണ്.

പദ്ധതി - പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ(296/19)

അടങ്കൽ - 250000/-(തനത് ഫണ്ട്)

ചെലവ് - 206295/-

നിർവ്വഹണം - സെക്രട്ടറി.

പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിലേയ്ക്ക് 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 1പ്രിന്റർ എന്നിവ CPRCS വഴി നേരിട്ട് വാങ്ങുന്നതിന് ഭരണസമിതി തീരുമാനം നം.2/2 തീയതി 01.12.2018 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിലേക്കായി 206295/- രൂപ ചെക്ക് നം. 2717717/20.2.2019( Vr.No.21801433/31.3.2019) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ശ്രീകൃഷ്ണപുരം സബ്ട്രഷറിയിലെ STSB 72105140000004 നമ്പർ അക്കൗണ്ടിൽ നിന്നും 03.4.2019ന് ( ശ്രീകൃഷ്ണപുരം സബ്ട്രഷറിയിലെ 40983 ട്രാൻസാക്ഷൻ നമ്പർ) കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ ഡയറക്ടറുടെ അക്കൗണ്ട് നം.799011400003959 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിന് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുകയോ, തുക തിരിച്ച് നൽകുകയോ ചെയ്തിട്ടില്ല.

വിശദീകരണം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഓഡിറ്റ് അന്വേഷണത്തിന്(നം.5/10.2.2020) മറുപടി - സാമ്പത്തിക വർഷം മാറിയതിനാൽ കമ്പ്യൂട്ടറുകൾ നൽകാൻ സാധിക്കുകയില്ല എന്ന് കെൽട്രോണിൽ നിന്ന് അറിയിക്കുകയും, കെൽട്രോണിന്റെ നിർദ്ദേശ പ്രകാരം തുക റീഫണ്ട് ചെയ്യുന്നതിന് 20.4.2019 തീയതിയിൽ ഐ.ടി മിഷന് കത്ത് നിൽകിയിട്ടുണ്ട് എന്നാണ് ലഭ്യമാക്കിയിരിക്കുന്നത്. ആയതിനാൽ

തുക തിരികെ ലഭ്യമാക്കി വിവരം ലഭ്യമാക്കുന്നതുവരെ 206,295/- രൂപ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-16 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി - ഫൈനൽ ബില്ലിൽ വിശദവിവരം രേഖപ്പെടുത്തേണ്ടതാണ്.

പദ്ധതി - സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി (എ.എം.സി നൽകൽ)170/19

അടങ്കൽ - 500000 (തനത് ഫണ്ട്)

ചെലവ് - 200000
(Vr No. 21801090/7.3.19-100000, Vr No.21801418/30.3.19-100000)

സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി (എ.എം.സി നൽകൽ) 2018-19 ലെ ടെണ്ടർ സമർപ്പിച്ചതിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ശ്രീ.മുജീബ്.പി, ഡെൽറ്റ ഇലക്ട്രിക്കൽസ്, കോട്ടപ്പുറം എന്നവരുടെ ടെണ്ടർ 13.12.2018 ലെ തീയതിയിലെ ഭരണസമിതി തീരുമാനം 2(1)പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. മുജീബ്.പി, ഡെന്റ് ഇലക്ട്രിക്കൽസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 19.1.2019 തീയതിയിൽ ഒരു വർഷത്തേക്ക് കരാർ വച്ചിട്ടുണ്ട്.

കരാർ നിബന്ധന 5 പ്രകാരം കോൺട്രാക്ടർ പ്രവർത്തിയുടെ ബിൽ സമർപ്പിക്കേണ്ടതാണ്. ആയതിൽ മൊത്തം ബിൽ തുകക്ക് നിയമാനുസൃതം അടക്കേണ്ടതായ എല്ലാ ഒടുക്കലുകളും കുറവ് ചെയ്ത തുകക്ക് മാത്രമെ തുക അനുവദിക്കുകയുള്ളു.

കരാർ നിബന്ധന 6 പ്രകാരം ബിൽ സമർപ്പിക്കുന്ന മുറക്ക് ആകെ അടങ്കൽ തുകയുടെ 40%,30%,30% എന്നിങ്ങനെ ബിൽ തുകയോ, അടങ്കൽ തുകയുടെ 40%,30%,30% ഇവയിൽ ഏതാണോ കുറവ്, ആയത് മാത്രം മൂന്ന് ഗഡുക്കളായി മാത്രം കോൺട്രാക്ടർക്ക് അനുവദിക്കാവുന്നതാണ്.

തൻ വർഷത്തിൽ രണ്ട് വൗച്ചറുകൾ പ്രകാരം മുൻകൂർ ആയി 200000/- രൂപ നല്കിയിട്ടുണ്ട്. റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം, തരം നിരക്ക് എന്നിവ വിശദമാക്കി സംക്ഷിപ്തം എഴുതിയിട്ടുള്ള പ്രവർത്തിയുടെ ബിൽ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഫൈനൽ ബില്ലിൽ ആകെ ചെയ്ത പ്രവർത്തിയുടെ വിശദ വിവരം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.12/17.2.2020.

# 1-17 തെരുവ് വിളക്ക് സ്ഥാപിക്കൽ - കെ.എസ്.ഇ.ബി സാക്ഷ്യപത്രം ഇല്ല

പദ്ധതി - തെരുവ് വിളക്ക് സ്ഥാപിക്കൽ (148/19)

അടങ്കൽ - 601000 (400000-പ്ലാൻഫണ്ട്+ 201000തനത് )

ചെലവ്-565501
(400000-Try.bill No.24/21.3.19+
165501 vr.No. 21801159/15.3.19)

പദ്ധതി പ്രകാരം 195 എണ്ണം 24 വാട്ട് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് ഓട്ടോമാറ്റിക് സ്ഥാപിച്ചതിന് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്(ഇൻവോയ്സ് നം.STL/47/22.01.2019) എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന് വാർഡു മെമ്പർ മാരുടെ സാക്ഷ്യപത്രം ഉണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യുടെ സൂപ്പർവിഷനിൽ 195 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയതിന് സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതനുസരിച്ച് നിലവിലുള്ള് വൈദ്യുതി ചാർജ്ജിനത്തിൽ വ്യത്യാസം വന്നിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം.12/17.2.2020) വിശദീകരണം ലഭ്യമായിട്ടില്ല. ആയതിനാൽ കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനു വിധേയമായി 565501/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-18 തെരുവ് വിളക്കുകളുടെ പരിപാലനം.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ആയി 2018-19 സാമ്പത്തിക വർഷം 493551/-രൂപ അടവാക്കിയിട്ടുണ്ട്. 2017-18 വർഷത്തെ അതേ എണ്ണത്തിനും, ഇനത്തിനുമുള്ള തെരുവ്വിളക്കുകൾക്ക് തന്നെ ഈ വർഷവും വൈദ്യുതി ചാർജ്ജ് അടവാക്കിയിരിക്കുന്നത്. വൈദ്യുതി ബോർഡിന്റെ സഹായത്താൽ സംയുക്ത പരിശോധന നടത്തി മൂന്ന് കെ.എസ്.ഇ.ബി സെക്ഷനു കീഴിലുള്ള തെരുവു വിളക്കുകളുടെയും എണ്ണം, തരം എന്നിവയുടെ വിവരങ്ങൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. നാളിതുവരെ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിലവിൽ അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയുന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തെരുവ് വിളക്കുകൾ ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, തച്ചമ്പാറ എന്നിങ്ങനെ 3 കെ.എസ്.ഇ.ബി സെക്ഷനു കീഴിലുള്ളവയുണ്ട്. ഇതിൽ കൂടുതൽ തെരുവ് വിളക്കുകൾ ഉള്ള ശ്രീകൃഷ്ണപുരം സെക്ഷനിൽ സംയുക്ത പരിശോധന നടത്തി വാർഡ് തിരിച്ചുള്ള കണക്ക് കാലികമാക്കിയിട്ടുണ്ട്. മറ്റു രണ്ട് സെക്ഷനുമായി സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ട്.

ഓഡിറ്റ്നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവ്വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. കടമ്പഴിപ്പുറം,തച്ചമ്പാറ കെ.എസ്.ഇ.ബി സെക്ഷനുകളിലും സംയുക്ത പരിശോധന നടത്തി ലാമ്പുകളുടെ എണ്ണം ഉറപ്പാക്കേണ്ടതാണ്.

3. നിലവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടിയ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യേന ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# 1-19 പൊതുടാപ്പുകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ 104 പൊതു കുടിവെള്ള ടാപ്പുകൾക്ക് പ്രതിമാസം 45500/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതനുസരിച്ച് വാട്ടർ ചാർജ് ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതികൾ, ഗാർഹിക കുടിവെള്ള കണക്ഷൻ എന്നിവ സാർവ്വത്രികമായ സാഹചര്യത്തിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കിയശേഷം പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയം വിശദമായി പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

# 1-20 പാലിന് സബ്സിഡി - സബ്സിഡി തുക ലക്ഷ്യം വച്ച മുഴുവൻ കാലയളവിലും നല്കാൻ സാധിച്ചില്ല

ഏപ്രൽ 2018 മുതൽ മാർച്ച് 2019 വരെ ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് അളന്ന ഓരോ ലിറ്ററിനും പരമാവധി 4 രൂപ തോതിൽ സബ്സിഡി നല്കുക എന്ന ലക്ഷ്യത്തോടെയാണ് 2018-19 വർഷത്തിൽ കരിമ്പുഴ ഗ്രാമപഞ്ചായത്ത് പാലിന് സബ്സിഡി എന്ന പ്രോജക്റ്റ് ഏറ്റെടുത്തിട്ടുള്ളത്. പഞ്ചായത്തിലുള്ള 4 ക്ഷീരസംഘങ്ങളിൽ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് 4 നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തീയതി 14.2.2018) പ്രകാരം 1

ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4 രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്.

പ്രസ്തുത കാലയളവ് മുഴവനം ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ 4 സംഘങ്ങളുടെ കീഴിലുള്ളവർക്കും പാൽ അളന്നവർക്ക് ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഓഗസ്റ്റ് മാസം 18-ാം തിയതി വരെയും ലിറ്ററിന് 4 രൂപ നിരക്കിൽ ആണ് പാൽ അളന്നതിന് ആനുകൂല്യം നല്കിയിട്ടുള്ളത് എന്ന് കണ്ടെത്തി.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് : - പാലിന് സബ്സിഡി

നിർവഹണോദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

തൻവർഷത്തെ അടങ്കൽ - വികസനഫണ്ട് (പൊതുവിഭാഗം സാധാരണവിഹിതം- 300000 രൂപ ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 250000 രൂപ , ജില്ലാ പഞ്ചായത്ത് വിഹിതം - 125000 രൂപ)

ആകെ - 675000 രൂപ

സംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ക്ഷീരസംഘത്തിന്റെ പേര് | സംഘത്തിൽ ഉൾപ്പെട്ട ആളുകളുടെ എണ്ണം |
|---|---|---|
| 1 | കുന്നക്കാട് | 96 |
| 2 | ചാഴിയോട് | 19 |
| 3 | കരിമ്പുഴ | 85 |
| 4 | എളമ്പുലാശ്ശേരി | 64 |
| | ആകെ | 264 |

മാർച്ച് 2018 മുതൽ ഏപ്രിൽ 2019 വരെയുള്ള മുഴുവൻ കാലയളവിലും നല്കേണ്ട സബ്സിഡി കുറച്ച് കാലയളവിൽ മാത്രം നല്കാനിടയായതിന്റെ സാഹചര്യം വിശദമാക്കേണ്ടതാണ് എന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.20, തിയതി-19/02/2020) , ലഭ്യമായ ഫണ്ട് പൂർണ്ണമായി അവസാനിച്ചതിനാലാണ് തുടർന്നുള്ള മാസങ്ങളിൽ വിതരണം ചെയ്യാൻ സാധിക്കാതിരുന്നത് എന്ന് നിർവ്വഹണോദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്ട്രക്ടർ അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനായി ആവശ്യം ഉന്നയിച്ചിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

# 1-21 കോക്ലിയർ ഇംപ്ലാന്റേഷൻ സഹായിക്ക് ധനസഹായം നല്കൽ -

# വിനിയോഗ രേഖകൾ ലഭ്യമാക്കണം

(പ്രൊജക്ട് നം. 292/2019)
നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ
തെരഞ്ഞെടുക്കപ്പെട്ട രണ്ട് ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സഹായി നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 200000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചു. താഴെപ്പറയുന്ന രണ്ട് ഗുണഭോക്താക്കളെയാണ് 2018-19 വർഷത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

1. മുഹമ്മദ് ഇർഫാൻ.വി.ടി, വട്ടത്തൊടി, കോട്ടപ്പുറം
2. ഷാരോൺ, തേലക്കാട്, കുന്നത്ത് പീടിക

തനത് ഫണ്ടിൽ നിന്നുള്ള ചെക്ക് നം. 2785895/28.3.2019 പ്രകാരം 100000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 70101140000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ സഹായിയുടെ വില വ്യക്തമാക്കുന്ന രേഖകളൊന്നും സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് (നം. 4/17.2.2020) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സഹായി നൽകുന്നതിനായി സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക വിനിയോഗിച്ചതിന്റെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-22 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന വിവിധ പദ്ധതികൾക്കു വേണ്ടി കൈമാറിയ തുകകളുടെ വിനിയോഗം/ പ്രവൃത്തികളുടെ പൂർത്തികരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

| പദ്ധതി | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|
| തുപ്പത്ത്കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ(149/19) | 100000 (ധനകാര്യ കമ്മിഷൻ അവാർഡ്)-ട്രഷറി ബിൽ-12/8.11.18 | കേരള വാട്ടർ അതോറിറ്റി ഷൊർണ്ണൂർ ഡിവിഷൻ |
| ചോർപ്പത്ത് കോളനി പൈപ്പ് ലൈൻ നീട്ടൽ(150/19) | 100000(ധനകാര്യ കമ്മിഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി |

| | | |
|---|---|---|
| | ട്രഷറി ബിൽ-11/8.11.18 | ഷൊർണ്ണൂർ ഡിവിഷൻ |
| കുലുക്കിലിയാട്കോളനി പൈപ്പ് ലൈൻ നീട്ടൽ(151/19) | 50000(ധനകാര്യ കമ്മിഷൻ അവാർഡ്) ട്രഷറി ബിൽ-10/8.11.18 | കേരള വാട്ടർ അതോറിറ്റി ഷൊർണ്ണൂർ ഡിവിഷൻ |
| തേക്കിൻ കാട് കോളനി പൈപ്പ് ലൈൻ നീട്ടൽ(152/19) | 120000(തനത് ഫണ്ട്) വൗച്ചർ നം.21800635/8.11.18 | കേരള വാട്ടർ അതോറിറ്റി ഷൊർണ്ണൂർ ഡിവിഷൻ |

മേൽ കുടിവെള്ള പദ്ധതികൾക്ക വേണ്ടി 28.6.2019 നാണ് വാട്ടർ അതോറിറ്റിയുമായി കരാർ ഉടമ്പടി വച്ചിരിക്കുന്നത്. ഡെപ്പോസിറ്റ് ചെയ്ത, കൈമാറിയ തുകകളുടെ വിനിയോഗം/ പ്രവൃത്തികളുടെ പൂർത്തികരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.12/17.2.2020 കാണുക)

# 1-23 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 3 വർഷം കഴിഞ്ഞിട്ടും തിരിച്ച നൽകിയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ ബാക്കി ഉള്ളതായി ബോധ്യപ്പെട്ടു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മറ്റു ഡെപ്പോസിറ്റുകൾ എന്ന ഇനത്തിൽ 31.3.2012 ലെ നീക്കിയിരിപ്പ് 32776/-രൂപ, ഇലക്ഷൻ ഡെപ്പോസിറ്റ് 21724/-രൂപ ആകെ 54500/-രൂപ 2018-19 ൽ മുൻബാക്കിയായുണ്ട്. മൂന്ന് വർഷത്തിലധികം പഴക്കമുള്ള എല്ലാ ഡെപ്പോസിറ്റ് തുകകളും ഭരണസമിതി തീരുമാനം പ്രകാരം തനത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. (ഓഡിറ്റ് അന്വേഷണം നം.17/18.2.2020 കാണുക)

# 1-24 പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ - ഒരേ വ്യക്തിക്ക് രണ്ട് സബ്സിഡി

പ്രൊജക്ട് നം.3/19

അടങ്കൽ-269500

ചെലവ്-110500

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| ബിൽ നം. | തുക |
|---|---|
| 6/5.2.2019 | 91000 |
| 14/25.3.2019 | 19500 |

കുടിവെള്ള കണക്ഷൻ ഇല്ലാത്ത എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഗാർഹികകണക്ഷന് സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 94 പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതിപ്രകാരം ആകെ 17 ഗുണഭോക്താക്കൾക്ക് 6500 രൂപ പ്രകാരമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

ഗുണഭോക്തൃലിസ്റ്റിലുള്ള വ്യക്തികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എ1-01/18,18.12.2018 പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ കത്ത് നൽകിയതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ (നം.സി-2282/2019 തീയതി- 16.1.2019) ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ ഗാർഹിക കണക്ഷൻ നൽകുന്ന കുടിവെള്ള പദ്ധതികളുടെയും പദ്ധതിയുടെ കീഴിലുള്ള ഗുണഭോക്താക്കളുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് പ്രകാരം പൊട്ടിയിൽകുന്ന് കുടിവെള്ളപദ്ധതി എന്ന പദ്ധതിയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന വ്യക്തിക്ക് ഗ്രാമപഞ്ചായത്തിൽനിന്ന് വീണ്ടും ആനുകൂല്യം അനുവദിച്ചിരിക്കുന്നു.

ബിൽ നം.14/25.3.2019

| ഗുണഭോക്താവിന്റെ പേര്, വിലാസം | ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ആനുകൂല്യം നൽകിയതിന്റെ വിവരം | വാട്ടർ കണക്ഷൻ നം. | അനുവദിച്ച തുക | അക്കൗണ്ട് നം |
|---|---|---|---|---|
| കുഞ്ഞി,<br>പൊട്ടിയിൽകുന്ന് | പൊട്ടിയിൽ കുന്ന് കോളനി എന്ന | KMI/3535/D | 6500 | 297053000004525 |

| | | | | |
|---|---|---|---|---|
| | പദ്ധതിയിൽ ക്രമ നം.10 ആയി കുഞ്ഞി, പൊട്ടിയിൽ കുന്ന് ഉൾപ്പെടുന്ന | | | |

പൊട്ടിയിൽകുന്ന് കോളനി പദ്ധതിയിലെ മേൽപ്പറഞ്ഞ ഗുണഭോക്താവ് ഉൾപ്പെട്ട 12 വീടുകളുടെ വിവരം രേഖപ്പെടുത്തിയ ലിസ്റ്റ് എസ് സി ഡവലപ്മെന്റ് ഓഫീസറും എസ് സി പ്രൊമോട്ടറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 24.1.2019തീയതിയിൽ നം.സി-2282/2019 പ്രകാരം ലഭ്യമാക്കിയ ആനുകൂല്യം നൽകിയിട്ടില്ലാത്ത 20പേരടങ്ങുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിലും ഈ വ്യക്തി ഉൾപ്പെട്ടിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയ മേൽപ്പറഞ്ഞ വ്യക്തിക്ക് വീണ്ടും ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.22/19.2.2020) പ്രസ്തുത ഗുണഭോക്താവിൽനിന്ന് വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഈ വിഷയം സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി ഗുണഭോക്താവിന് രണ്ട് തവണ ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്തിൽനിന്ന് അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ ഗുണഭോക്താവിന് അനുവദിച്ച 6500 രൂപ തടസ്സപ്പെടുത്തുന്നു.

# 1-25 ആശ്രയ/അഗതിരഹിത കേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം

സമൂഹത്തിലെ ഏറ്റവും നിരാലംബരായ വ്യക്തികളെ കണ്ടെത്തി അവരെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്കാവശ്യമായ സേവനപരിചരണ പാക്കേജുകൾ നൽകുന്നതിനും സ.ഉ (എം.എസ്) നം.252/2017/തസ്വഭവ,തീയതി 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ അഗതികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ പരിശോധിച്ചതിൻമേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ആശ്രയ വിഭാഗത്തിൽപ്പെട്ടവർക്കായി പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയില്ല

ആശ്രയ ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ചിട്ടുള്ള താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

| പദ്ധതിയുടെ പേര് | നിർവ്വഹണം | പ്രൊജക്റ്റ് നം. | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|
| ആശ്രയ ജനറൽ (സ്പിൽ ഓവർ) | അസിസ്റ്റന്റ് സെക്രട്ടറി | 191/19 | 250000 (വികസനഫണ്ട്) | 0 |
| ആശ്രയ | വി.ഇ.ഒ | 20/19 | 500000 (വികസനഫണ്ട്) | 0 |

പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അഗതിരഹിതകേരളം പദ്ധതിയിലെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് വരാനുണ്ടായ കാലതാമസം കാരണമാണ് പദ്ധതി നടപ്പിലാക്കാത്തതെന്ന് അറിയിച്ചു. മേൽപ്പറഞ്ഞ പദ്ധതികൾ ഭവനപുനരുദ്ധാരണത്തിനുവേണ്ടി വകയിരുത്തിയതാണെന്ന് വിഇ ഒ അറിയിച്ചു. 2018-19 വർഷത്തിൽ വകയിരുത്തിയ തുക ചെലവഴിക്കാത്തതിനാൽ വകയിരുത്തിയ പ്ലാൻഫണ്ട് തുക നഷ്ടമാകുന്നതിന് കാരണമാകുകയും ചെയ്തു. പദ്ധതി തയ്യാറാക്കുമ്പോൾ ആയത് നടപ്പിലാക്കാൻ കഴിയുന്നതാണോയെന്ന് വിലയിരുത്തേണ്ടതും ഫണ്ട് നഷ്ടമാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

ബി)അഗതി രഹിതകേരളം പദ്ധതി ആരംഭിച്ചിട്ടില്ല

കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം അവസാനിച്ചതിനുശേഷം സർവ്വെയുടെ അടിസ്ഥാനത്തിൽ KS/L/251/2019, 9.3.2019 പ്രകാരം അഗതിരഹിതകേരളം പദ്ധതിയുടെ ആക്ഷൻ പ്ലാനും ഗുണഭോക്തൃലിസ്റ്റും അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം ആകെ 203കുടുംബങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉള്ളത്. ഭക്ഷണം ഒഴികെ മറ്റു പ്രധാന ഘടകങ്ങൾ ആവശ്യമുള്ള അഗതി കുടുംബങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. നിലവിൽ ഭക്ഷ്യധാന്യ വിതരണ പദ്ധതിക്ക് മാത്രമാണ് തുക വിനിയോഗിക്കുന്നത്.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വീട് ആവശ്യമുള്ളവർ | 58 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 6 |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 58 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 44 |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 32 |
| 6 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | 2 |

അഗതിരഹിത കേരളം ആക്ഷൻ പ്ലാൻ പ്രകാരം 31298000രൂപയാണ് ആകെ അടങ്കൽ കണക്കാക്കിയിട്ടുള്ളത്. ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്ന ചലഞ്ച് ഫണ്ട് തുക 303559 രൂപ അഗതിരഹിതകേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

സി)ലൈഫ് പദ്ധതിയിൽ അഗതി ഗുണഭോക്താക്കളെ പരിഗണിച്ചിട്ടില്ല

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം പ്രകാരം അഗതികളായ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതാണ്. അഗതിരഹിതകേരളം ആക്ഷൻപ്ലാൻ പ്രകാരം വീട് ആവശ്യമുള്ള 58 ഗുണഭോക്താക്കൾ ഉണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ)നം.11/18/ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ പദ്ധതി പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഘടകങ്ങൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.22/19.2.2020)

# 1-26 ലൈഫ് പദ്ധതി- അവലോകനം

2018-19 വർഷത്തിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ)ലൈഫ് പദ്ധതി ഒന്നാംഘട്ടം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻവർഷം പ്രൊജക്ട് നം.178/19 പ്രകാരം ലൈഫ് മിഷൻ പദ്ധതി എന്ന പേരിൽ ജനറൽ വിഭാഗത്തിൽ 210000രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 3 ഗുണഭോക്താക്കളിൽ എല്ലാവരും ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

ബി)ലൈഫ് പദ്ധതി രണ്ടാം ഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. 113പേരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 110പേരും എസ് സി വിഭാഗത്തിൽ 3പേരും ആണ് അർഹരായ ഗുണഭോക്താക്കളായി ഉണ്ടായിരുന്നത്. എസ്.സി വിഭാഗത്തിൽ 1 ഗുണഭോക്താവും ജനറൽ വിഭാഗത്തിൽ 103 പേരും ഉൾപ്പെടെ ആകെ 104 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.

ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്. ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ . സംസ്ഥാനാവിഷ്കൃതവിഹിതം 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (പ്രൊജക്ട് നം.7/19)-ജനറൽ

| ഫണ്ട് | അടങ്കൽ | 2018-19 വർഷത്തെചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3807800 | 3807800 |
| ബ്ലോക്ക് പഞ്ചായത്ത് | 1934150 | 1934150 |
| ജില്ലാ പഞ്ചായത്ത് | 856855 | 856855 |
| മറ്റിനം(വായ്പ) | 36201195 | 15720000 |
| ആകെ | 42800000 | 22318805 |

ജനറൽ വിഭാഗത്തിലെ 103 ഗുണഭോക്താക്കളിൽ നാളിതുവരെ 88 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡുവായ മുൻകൂർ തുക40000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമാണം ആരംഭിച്ച് തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | തുക അനുവദിച്ച തീയതി |
|---|---|---|
| ദമയന്തി.സി, ചിറക്കൽ, അറ്റാശ്ശേരി | 67029162713 | 28.7.2018 |
| | | |

| | | |
|---|---|---|
| സുശീല പവിത്രൻ, പുത്തൂർ ഹൗസ്, കോട്ടപ്പുറം | 67221534581 | 28.7.2018 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ദമയന്തി എന്ന വ്യക്തി സമർപ്പിച്ച രേഖകളിലെ സ്ഥലത്ത് സാധനസാമഗ്രികൾ എത്തിക്കുന്നതിലെ ബുദ്ധിമുട്ട് കാരണം വീട് നിർമിക്കാൻ സാധിക്കാത്തതിനാൽ വേറെ സ്ഥലം ലഭ്യമാക്കേണ്ട സാഹചര്യമാണെന്നും സുശീല എന്ന വ്യക്തി സമർപ്പിച്ച സ്ഥലത്തിന്റെ രേഖകൾ, എൻ. ഒ.സി ഹാജരാക്കിയത് എന്നിവയിൽനിന്ന് വ്യത്യസ്തമായി വേറെ സ്ഥലത്ത് ഭവനനിർമാണം നടത്തിയതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകാൻ കഴിയാത്ത സാഹചര്യമാണെന്നും വി ഇ ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒരു ഗഡുമാത്രം കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടില്ലാത്തതിനാൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (8/19)-എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1192600 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | - | - |
| ജില്ലാ പഞ്ചായത്ത് | 284600 | - |
| ആകെ | | 400000 |

എ)ഈ പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വിഹിതമായി 284600 രൂപ ലഭ്യമായിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചിട്ടില്ല. എഗ്രിമെന്റ് ചമച്ച ഗുണഭോക്താവ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ഹഡ്കോ ലോൺ</u>

എ) 2018-19 ൽ 15720000 രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം.67291286793 എസ് ബി ഐ ) നിക്ഷേപിച്ചിട്ടുള്ളതിൽ 2018-19 വർഷത്തിൽ 6855316 രൂപയും 2019 ഏപ്രിൽ മാസത്തിൽ 8864684രൂപ യും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർവിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന്

മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. .

ഭവന നിധി രൂപീകരിച്ചിട്ടില്ല
ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാളിതുവരെ ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റുമ്പോൾ ഒപ്പ് രേഖപ്പെടുത്തുന്ന watch register ൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് നം. രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

4. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് മുഖേന ലഭ്യമാകുന്ന തുക വെബ്സാംഖ്യയിലുള്ള ബിൽ മുഖേനയല്ലാതെ അനുവദിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്

5. ലഭ്യമാകുന്ന ലോൺ തുക യഥാസമയം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

   പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

# 1-27 കുടുംബശ്രീ-ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുകകൾ തിരിച്ചടക്കണം

കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾക്കായി നിലവിൽ 8 ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചുപോരുന്നുണ്ട്. ഈ അക്കൗണ്ടുകളിലായി ആകെ 4269789 രൂപ അവശേഷിക്കുന്നതായി കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തനത് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.57056838569-എസ് ബി ഐ) നീക്കിയിരുപ്പുള്ള 3392273 രൂപയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായിട്ടുള്ള പ്ലാൻ ഫണ്ട് തുക 399165 രൂപയും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 768250 രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ ലഭ്യമായ10000 രൂപയും അവശേഷിക്കുന്നതായി കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ തുകകൾ ഏത് വർഷം ലഭ്യമായതാണെന്നതിന്റെ വിശദാംശം ലഭ്യമല്ലാത്ത സാഹചര്യമാണ് ഉള്ളത്. മുൻവർഷങ്ങളിൽ ലഭ്യമായ ഈ തുകകൾ അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകുന്നതിനോ സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനോ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. തുകകൾ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അവശേഷിക്കുന്ന പദ്ധതി ഫണ്ട് തുകകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.22/19.2.2020) അവശേഷിക്കുന്ന തുകകൾ തിരിച്ചടക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആശ്രയ പദ്ധതിക്കായി ലഭിച്ചിട്ടുള്ള ചലഞ്ച് ഫണ്ട് തുകയിൽ അവശേഷിക്കുന്ന 303559 രൂപ അഗതിരഹിതകേരളം പദ്ധതിക്കായുള്ള
( ബാങ്ക് അക്കൗണ്ട് നം.0741101031899 ) ബാങ്ക് അക്കൗണ്ടിലേക്ക് 5.7.2019 തീയതിയിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

# 1-28 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ കാര്യങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 100 | 147 | 247 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 65 | 90 | 155 |

28.3.19ന് ട്രഷറിയിൽ സമർപ്പിച്ച ₹.2572915/- മൂല്യമുള്ള 15ബില്ലുകൾ ക്യൂ ബിൽ ആയി 2019-20ൽ മാറിയിട്ടുണ്ട്. 2018-19ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 247 പ്രൊജക്ടുകളാണ് ഏറ്റെടുത്തിരിക്കുന്നത്. 50മീറ്ററിൽ താഴെ

നീളമുള്ള അനേകം കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുന്നതിനും 50മീറ്ററിൽ താഴെ നീളത്തിൽ റീ ടാറിങ്ങും ടാറിങ്ങും ഏറ്റെടുത്തിട്ടുണ്ട്. പ്രൊജക്ടുകളുടെ എണ്ണം വളരെ കൂടുന്നത് എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ കാര്യക്ഷമതയെ ബാധിക്കുകയും നിർവ്വഹണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസമാവുകയും ചെയ്യുന്നു.

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 3534586 | 975448 | 27.6 |
| വികസന ഫണ്ട് (എസ്.സി.പി) | 4702750 | 2645198 | 56.25 |
| വികസന ഫണ്ട് (ടി.എസ്.പി.) | 163054 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 13500500 | 8544618 | 63.29 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 690000 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 576000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 7285000 | 4735854 | 65.01 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 5176000 | 791875 | 15.3 |
| തനത് ഫണ്ട് | 5773664 | 3914593 | 67.8 |
| ആകെ | 41401554 | 21607586 | 52.19 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 63%പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 52% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് ലഭിച്ച പ്ലാൻ(ജനറൽ) വിഹിതത്തിൽ ₹.2668447/- ഈ വർഷം ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്. പ്ലാൻ (എസ്.സി.പി) ₹.2348616/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹.42382/- , റോഡ് മെയിന്റനൻസ് ഫണ്ട് ₹.1285146/- റോഡിതര മെയിന്റനൻസ് ഫണ്ട് ₹. 2107146/- എന്നിങ്ങനെ സർക്കാർ ഗ്രാന്റ് 2018-19ൽ നഷ്ടമായിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കാൻ സമയബന്ധിതമായി പ്രൊജക്ടുകൾ പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. ഏറ്റെടുത്ത പ്രവൃത്തികൾ മുഴുവൻ അതാതു വർഷം പൂർത്തീകരിച്ച് സർക്കാർ ഫണ്ടുകളുടെ 100% വിനിയോഗം ഉറപ്പുവരുത്തുകയും വേണം.

ആസ്തി രജിസ്റ്റർ കാലികമാക്കണം:

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിലവിൽ 2016-17 വരെ ആർജ്ജിച്ച വിവരങ്ങൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടത്. നാളിതുവരെ ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച മുഴുവൻ ആസ്തികളുടെയും വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

തുക അടവാക്കി:

ബിറ്റുമെൻ ഉൾപ്പെട്ട പ്രവൃത്തികളിൽ ചിലതിൽ നിന്നും ബാരൽ വില ഈടാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം (നം.15/18.2.20, 21/19.2.20) നൽകിയതിന്റെ അടിസ്ഥാനത്തിൽ ₹.16250/- 19.2.2020ന് ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

# 1-29 ഗുണഭോക്തൃ കമ്മറ്റി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ - അപാകതകൾ:

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ കമ്മറ്റി മുഖേന നടപ്പാക്കി 2018-19ൽ ബിൽ തുക നൽകിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മറ്റി മുഖേന പദ്ധതികൾ നടപ്പാക്കുമ്പോൾ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗരേഖയിലെ നിർദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. (സർക്കാർ ഉത്തരവ് നം: GO(MS)42/99/ Planning/ 22.9.99 കാണുക.) 6 പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ഇവയിൽ 3 കമ്മിറ്റികൾക്ക് ഒരേ ചെയർമാൻ ആണ്. 2കൺവീനർമാർ 2 പ്രവൃത്തികൾ വീതം നടപ്പാക്കിയിട്ടുണ്ട്. സിമന്റ് വാങ്ങിയ ബിൽ പരിശോധിച്ചപ്പോൾ അത് യഥാർത്ഥ ബിൽ അല്ല എന്ന് മനസിലാവുന്നു. സിമന്റ് ബില്ല് കൺവീനർമാരുടെ പേരിൽ ആണെങ്കിലും ബിൽ തീയ്യതിക്ക് ശേഷമാണ് ഗുണഭോക്തൃക്കമ്മറ്റിയെ തെരഞ്ഞെടുക്കുന്നത്. ഒരു പ്രവൃത്തി പൂർത്തിയായതിന് ശേഷമാണ് സിമന്റ് ബില്ലിലെ തീയ്യതി. വാങ്ങിയ സിമന്റിന്റെ അളവും ചെയ്ത പ്രവൃത്തിക്കാവശ്യമായ അളവും തമ്മിലും പൊരുത്തം കാണുന്നില്ല. ഓരോ ദിവസത്തെയും ചെലവ് വ്യക്തതയോടെ എഴുതി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃക്കമ്മറ്റി യോഗങ്ങളുടെ മിനുട്സും കൃത്യമല്ല. ഗുണഭോക്തൃക്കമ്മറ്റിച്ചെയർമാന്റെയും കൺവീനറുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കുന്നുണ്ടെങ്കിലും ബിൽ തുക നൽകുന്നത് കൺവീനറുടെ സ്വന്തം പേരിലുള്ള വ്യക്തിഗത അക്കൗണ്ടിലൂടെയാണ്.

വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

A.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 183/19(246/18): കരിമ്പൻചോല കീടംകുന്ന് ചിറവരമ്പ് റോഡ് കോൺക്രീറ്റ് |
| അടങ്കൽ/ | ₹.49,000/- റോഡ് മെയിന്റനൻസ് |

| | |
|---|---|
| ഫണ്ടിനം | |
| ചെലവ്/ ബിൽ നം. | ₹.49,000/- 1/30.5.18 |
| കൺവീനർ/ ചെയർ പെർസൻ | വി.എസ്. സനിൽ കുമാർ/ എം. ശിവരാമൻ |
| കരാർ നമ്പർ | 101/21.3.2018 |
| അളവു പുസ്തകം/ | 314/17-18 |
| ആകെ പ്രവൃത്തി മൂല്യം | ₹.49,000/- |
| അപാകങ്ങൾ | 1. വരവു-ചെലവു കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല<br><br>2. കൺവീനറുടെയും ചെയർമാന്റെയും പേരിൽ PDC ബാങ്ക് ശ്രീകൃഷ്ണപുരം ശാഖയിൽ ഒരു ജോയിന്റ് അക്കൗണ്ട് (നം.02001010007308) തുടങ്ങിയിരുന്നെങ്കിലും ബിൽ തുക നൽകിയത് കൺവീനർക്ക് SBI കരിമ്പുഴ ശാഖയിലുള്ള പേർസണൽ അക്കൗണ്ടിലേക്ക് ആണ്.<br><br>3. ഗുണഭോക്തൃക്കമ്മറ്റി രൂപീകരണം സംബന്ധിച്ച് നോട്ടീസ് വിതരണം ചെയ്തതായോ, അറിയിപ്പ് നൽകിയതായോ കാണുന്നില്ല. ഗുണഭോക്തൃക്കമ്മറ്റിയുടെ ആദ്യ യോഗത്തിന്റെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട 7 പേരിൽ ഒരു വനിത മാത്രമാണ് ഉൾപ്പെട്ടത്.<br><br>4. 29.3.18ന് ചേർന്ന ഗുണഭോക്തൃക്കമ്മറ്റിയാണ് കൺവീനറെ നിർവ്വഹണച്ചുമതല ഏൽപ്പിച്ചത്. എന്നാൽ 21.3.18നു തന്നെ കൺവീനർ കരാർ ഒപ്പുവെച്ചിട്ടുണ്ട്. 22.3.18ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കരാർ ഒപ്പുവെക്കുന്നതിനും ദിവസങ്ങൾക്ക് മുമ്പുതന്നെ 40ചാക്ക് സിമന്റ് സനിൽ കുമാർ കരിമ്പ വാങ്ങിയിട്ടുണ്ട്. (ബിൽ നം.183/17.3.18). അളവ് പ്രകാരം 2256Kg സിമന്റ് ആണ് (@.32Tone for 7.05$M^3$) ആവശ്യമായി വരുന്നത്. വാങ്ങിയ സിമന്റ് കുറവാണ്. |

| | |
|---|---|
| | 5. സിമന്റ് വാങ്ങിയതിന്റെ Bill of supply മാത്രമാണ് ഹാജരാക്കിയത്. GST Bill ഹാജരാക്കിയിട്ടില്ല.<br><br>6. 30.3.18ന് പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും പൂർത്തീകരണശേഷം ഗുണഭോക്തൃക്കമ്മറ്റി യോഗം ചേർന്നിട്ടില്ല.<br><br>7. മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.<br><br>8. ഈ പ്രവൃത്തി ഏത് വാർഡിലാണ് എന്ന് വ്യക്തമാക്കുന്ന സൂചനകളൊന്നും തന്നെ പ്രൊജക്റ്റ് രേഖയിലോ, ഗുണഭോക്തൃക്കമ്മറ്റി മിനുട്ട്സിലോ, ഫയലിലെവിടെയെങ്കിലുമോ രേഖപ്പെടുത്തിയിട്ടില്ല.<br><br>9. സിമന്റ് വാങ്ങിയിരിക്കുന്നത് അംഗീകൃത വ്യാപാരിയിൽ നിന്നുമല്ല. |

B.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 186/19(128/18): കോട്ടപ്പുറം ചാവക്കാട് റോഡ് വർക്ക് |
| അടങ്കൽ/ ഫണ്ടിനം | ₹.49,000/- റോഡ് മെയിന്റനൻസ് |
| ചെലവ്/ ബിൽ നം. | ₹.49,000/- 2/30.5.18 |
| കൺവീനർ/ ചെയർ പെർസൻ | പി.സിദ്ദിഖ്/ എം. ശിവരാമൻ |
| കരാർ നമ്പർ | 100/21.3.2018 |
| അളവു പുസ്തകം/ | 301/17-18 |
| ആകെ പ്രവൃത്തി മൂല്യം | ₹.49,000/- |
| അപാകങ്ങൾ | 1. വരവു-ചെലവു കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല<br><br>2. കൺവീനറുടെയും ചെയർമാന്റെയും പേരിൽ PDC ബാങ്ക് ശ്രീകൃഷ്ണപുരം ശാഖയിൽ ഒരു ജോയിന്റ് അക്കൗണ്ട് (നം.02001010007309) തുടങ്ങിയിരുന്നെങ്കിലും |

| | |
|---|---|
| | ബിൽ തുക നൽകിയത് കൺവീനർക്ക് കനറാ ബാങ്ക് ശ്രീകൃഷ്ണപുരം ശാഖയിലുള്ള പേർസണൽ അക്കൗണ്ടിലേക്ക് ആണ്.<br><br>3. ഗുണഭോക്തൃക്കമ്മറ്റി രൂപീകരണം സംബന്ധിച്ച് നോട്ടീസ് വിതരണം ചെയ്തതായോ, അറിയിപ്പ് നൽകിയതായോ കാണുന്നില്ല. ഗുണഭോക്തൃക്കമ്മറ്റിയുടെ ആദ്യ യോഗത്തിന്റെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട 7 പേരിൽ 2 വനിതകൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>4. 29.3.18ന് ചേർന്ന ഗുണഭോക്തൃക്കമ്മറ്റിയാണ് കൺവീനറെ നിർവ്വഹണച്ചുമതല ഏൽപ്പിച്ചത്. എന്നാൽ 21.3.18നു തന്നെ കൺവീനർ കരാർ ഒപ്പുവെച്ചിട്ടുണ്ട്. 21.3.18ന് തന്നെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കരാർ ഒപ്പുവെക്കുന്നതിനും ദിവസങ്ങൾക്ക് മുമ്പുതന്നെ 60ചാക്ക് സിമന്റ് കോട്ടപ്പുറം കുന്നത്ത് ട്രേഡേർസിൽ നിന്നും സിദ്ദിഖ് വാങ്ങിയിട്ടുണ്ട്. (ബിൽ നം.171/12.3.18). അളവ് പ്രകാരം 2176Kg സിമന്റ് ആണ് (@.32Tone for $6.8M^3$) ആവശ്യമായി വരുന്നത്. വാങ്ങിയ സിമന്റ് ആവശ്യത്തിൽ കൂടുതലാണ്.<br><br>5. സിമന്റ് വാങ്ങിയതിന്റെ Bill of supply മാത്രമാണ് ഹാജരാക്കിയത്. GST Bill ഹാജരാക്കിയിട്ടില്ല.<br><br>6. 30.3.18ന് പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും പൂർത്തീകരണശേഷം ഗുണഭോക്തൃക്കമ്മറ്റി യോഗം ചേർന്നിട്ടില്ല.<br><br>7. മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.<br><br>8. ഈ പ്രവൃത്തി 3ാംവാർഡിലാണ് നടപ്പിലാക്കിയത്.<br><br>9. സിമന്റ് വാങ്ങിയിരിക്കുന്നത് അംഗീകൃത വ്യാപാരിയിൽ നിന്നുമല്ല. |

C.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 187/19(138/18): പുതുവത്ത് മല റോഡ് |
| അടങ്കൽ/ ഫണ്ടിനം | ₹.49,500/- റോഡ് മെയിന്റനൻസ് |

| | |
|---|---|
| ചെലവ്/ ബിൽ നം. | ₹.49,500/- 3/30.5.18 |
| കൺവീനർ/ ചെയർ പെർസൻ | പി.സിദ്ദിഖ്/ എം. ശിവരാമൻ |
| കരാർ നമ്പർ | 99/21.3.2018 |
| അളവു പുസ്തകം/ | 303/17-18 |
| ആകെ പ്രവൃത്തി മൂല്യം | ₹.49,500/- |
| അപാകങ്ങൾ | 1. വരവു-ചെലവു കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല<br><br>2. കൺവീനറുടെയും ചെയർമാന്റെയും പേരിൽ PDC ബാങ്ക് ശ്രീകൃഷ്ണപുരം ശാഖയിൽ ഒരു ജോയിന്റ് അക്കൗണ്ട് (നം.02001010007309) തുടങ്ങിയിരുന്നെങ്കിലും ബിൽ തുക നൽകിയത് കൺവീനർക്ക് കനറാ ബാങ്ക് ശ്രീകൃഷ്ണപുരം ശാഖയിലുള്ള പേർസണൽ അക്കൗണ്ടിലേക്ക് (നം.074101029764) ആണ്.<br><br>3. ഗുണഭോക്തൃക്കമ്മറ്റി രൂപീകരണം സംബന്ധിച്ച് നോട്ടീസ് വിതരണം ചെയ്തതായോ, അറിയിപ്പ് നൽകിയതായോ കാണുന്നില്ല. ഗുണഭോക്തൃക്കമ്മറ്റിയുടെ ആദ്യ യോഗത്തിന്റെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട 7 പേരിൽ 2 വനിതകൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>4. 28.3.18ന് ചേർന്ന ഗുണഭോക്തൃക്കമ്മറ്റിയാണ് കൺവീനറെ നിർവ്വഹണചുമതല ഏൽപ്പിച്ചത്. എന്നാൽ 21.3.18ന തന്നെ കൺവീനർ കരാർ ഒപ്പുവെച്ചിട്ടുണ്ട്. 21.3.18ന് തന്നെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കരാർ ഒപ്പുവെക്കുന്നതിനും ദിവസങ്ങൾക്ക് മുമ്പുതന്നെ 50 ബാഗ് സിമന്റ് കോട്ടപ്പുറം കുന്നത്ത് ട്രേഡേഴ്സിൽ നിന്നും സിദ്ദിഖ് വാങ്ങിയിട്ടുണ്ട്. (ബിൽ നം.167/10.3.18). അളവ് പ്രകാരം 2138Kg സിമന്റ് ആണ് (@.32Tone for 6.68$M^3$) ആവശ്യമായി വരുന്നത്. വാങ്ങിയ സിമന്റ് ആവശ്യത്തിൽ കൂടുതലാണ്. |

| | |
|---|---|
| | 5. സിമന്റ് വാങ്ങിയതിന്റെ Bill of supply മാത്രമാണ് ഹാജരാക്കിയത്. GST Bill ഹാജരാക്കിയിട്ടില്ല.<br><br>6. 30.3.18ന് പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും പൂർത്തീകരണശേഷം ഗുണഭോക്തൃക്കമ്മറ്റി യോഗം ചേർന്നിട്ടില്ല.<br><br>7. മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.<br><br>8. ഈ പ്രവൃത്തി 2ാംവാർഡിലാണ് നടപ്പിലാക്കിയത്.<br><br>9. സിമന്റ് വാങ്ങിയിരിക്കുന്നത് അംഗീകൃത വ്യാപാരിയിൽ നിന്നുമല്ല. |

D.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 184/19(47/18): കാവുണ്ട ലക്ഷം വീട് കോളനി പുറകുവശം റോഡ് കോൺക്രീറ്റ് |
| അടങ്കൽ/ ഫണ്ടിനം | ₹.49,500/- പ്ലാൻ (ജനറൽ) |
| ചെലവ്/ ബിൽ നം. | ₹.49,500/- 4/30.5.18 |
| കൺവീനർ/ ചെയർ പെർസൻ | മുഹമ്മദ് റാഷിക്ക്/ ശശികുമാർ |
| കരാർ നമ്പർ | 55/19.12.17 |
| അളവു പുസ്തകം/ | 285/17-18 |
| ആകെ പ്രവൃത്തി മൂല്യം | ₹.49,500/- |
| അപാകങ്ങൾ | 1. വരവു-ചെലവു കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല<br><br>2. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടില്ല. ബിൽ തുക നൽകിയത് കൺവീനർക്ക് ഫെഡറൽ ബാങ്ക് ശ്രീകൃഷ്ണപുരം ശാഖയിലുള്ള പേർസണൽ അക്കൗണ്ടിലേക്ക് (നം.17020100022762) ആണ്. |

| | |
|---|---|
| | 3. ഗുണഭോക്തൃക്കമ്മറ്റി രൂപീകരണം സംബന്ധിച്ച് നോട്ടീസ് വിതരണം ചെയ്തതായോ, അറിയിപ്പ് നൽകിയതായോ കാണുന്നില്ല. ഗുണഭോക്തൃക്കമ്മറ്റിയുടെ ആദ്യ യോഗത്തിന്റെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട 7 പേരിൽ 2 വനിതകൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>4. ഗുണഭോക്തൃക്കമ്മറ്റി മിനുട്ട്സില് ഒന്നിലും തന്നെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. 19.12.17ന തന്നെ കൺവീനർ കരാർ ഒപ്പുവെച്ചിട്ടുണ്ട്. 7.3.18ന് മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. 14.3.18ന് പ്രവൃത്തി പൂർത്തീകരിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൺവീനർ സിമന്റ് വാങ്ങിയത് 29.3.18നാണ്. 45 ബാഗ് സിമന്റ് ശ്രീകൃഷ്ണപുരം സോന ഏജൻസിയിൽ നിന്നുമാണ് ശ്രീ.മുഹമ്മദ് റസീഖ് വാങ്ങിയത്. (ഇൻവോയ്സ് നം.B2C3924/29.3.18). അളവ് പ്രകാരം 2136Kg സിമന്റ് ആണ് (@.32Tone for 6.675$M^3$) ആവശ്യമായി വരുന്നത്.<br><br>6. 14.3.18ന് പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണശേഷം ഗുണഭോക്തൃക്കമ്മറ്റി യോഗം ചേർന്ന് വരവുചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. യോഗ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.<br><br>7. മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.<br><br>8. ഈ പ്രവൃത്തി ഏത് വാർഡിലാണ് നടന്നത് എന്ന് ഫയലിൽ വ്യക്തമാവുന്നില്ല.<br><br>9. സിമന്റ് വാങ്ങിയിരിക്കുന്നത് അംഗീകൃത വ്യാപാരിയിൽ നിന്നുമല്ല. |

E.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 179/19(5/18): കാവുണ്ട സ്കൂൾ - കാവുണ്ട പാടം റോഡ് കോൺക്രീറ്റ് |
| അടങ്കൽ/ ഫണ്ടിനം | ₹.49,500/- പ്ലാൻ (ജനറൽ) |
| ചെലവ്/ ബിൽ നം. | ₹.49,500/- 5/30.5.18 |
| | |

| | |
|---|---|
| കൺവീനർ/ ചെയർ പെർസൻ | മുത്തു. പി.സി./ മൊയ്തൂട്ടി |
| കരാർ നമ്പർ | 58/19.12.17 |
| അളവു പുസ്തകം/ | 329/17-18 |
| ആകെ പ്രവൃത്തി മൂല്യം | ₹.49,500/- |
| അപാകങ്ങൾ | 1. വിശദമായ വരവു-ചെലവു കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല<br><br>2. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടില്ല. ബിൽ തുക നൽകിയത് കൺവീനർക്ക് SBI കരിമ്പുഴ ശാഖയിലുള്ള പേർസണൽ അക്കൗണ്ടിലേക്ക് (നം.67214810541) ആണ്.<br><br>3. ഗുണഭോക്തൃക്കമ്മറ്റി രൂപീകരണം സംബന്ധിച്ച് നോട്ടീസ് വിതരണം ചെയ്തതായോ, അറിയിപ്പ് നൽകിയതായോ കാണുന്നില്ല. പ്രവൃത്തി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട 7 പേരിൽ 2 വനിതകൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>4. ഗുണഭോക്തൃക്കമ്മറ്റി മിനുട്ട്സില് ഒന്നിലും തന്നെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. 19.12.17നു തന്നെ കൺവീനർ കരാർ ഒപ്പുവെച്ചിട്ടുണ്ട്. 21.3.18ന് മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. കൺവീനർ 48 ബാഗ് സിമന്റ് (@₹.320) വാങ്ങിയത് PPM Traders ആറ്റാശേരി എന്ന സ്ഥാപനത്തിൽ നിന്നുമാണ് (കാഷ് ബിൽ നം.167.20.3.18). സ്ഥാപനത്തിന്റെ GST Registration നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതികൾ ബില്ലിൽ കാണിച്ചിട്ടുമില്ല. അളവ് പ്രകാരം 2109Kg സിമന്റ് ആണ് (@.32Tone for 6.69$M^3$) ആവശ്യമായി വരുന്നത്. ആവശ്യത്തിലും അധികം സിമന്റ് വാങ്ങിക്കുകയും ഇത് വരവു ചെലവു കണക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>6. 29.3.18ന് പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണശേഷം ഗുണഭോക്തൃക്കമ്മറ്റി യോഗം |

| | |
|---|---|
| | ചേർന്ന് വരവുചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. യോഗ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.<br><br>7. മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.<br><br>8. ഈ പ്രവൃത്തി ഏത് വാർഡിലാണ് നടന്നത് എന്ന് ഫയലിൽ വ്യക്തമാവുന്നില്ല.<br><br>9. സിമന്റ് വാങ്ങിയിരിക്കുന്നത് അംഗീകൃത വ്യാപാരിയിൽ നിന്നുമല്ല. |

F.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 182 /19(50/18): വടക്കേടത്ത് പാടം റോഡ് കോൺക്രീറ്റ് |
| അടങ്കൽ/ ഫണ്ടിനം | ₹.49,500/- പ്ലാൻ (ജനറൽ) |
| ചെലവ്/ ബിൽ നം. | ₹.49,500/- 8/30.5.18 |
| കൺവീനർ/ ചെയർ പെർസൻ | മുഹമ്മദ് റാഷിക്ക്/ രാമദാസൻ |
| കരാർ നമ്പർ | 59/19.12.17 |
| അളവു പുസ്തകം/ | 288/17-18 |
| ആകെ പ്രവൃത്തി മൂല്യം | ₹.49,500/- |
| അപാകങ്ങൾ | 1. വിശദമായ വരവു-ചെലവു കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല<br><br>2. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടില്ല. ബിൽ തുക നൽകിയത് കൺവീനർക്ക് ഫെഡറൽ ബാങ്ക് ശ്രീകൃഷ്ണപുരം ശാഖയിലുള്ള പേർസണൽ അക്കൗണ്ടിലേക്ക് (നം.17020100022762) ആണ്.<br><br>3. ഗുണഭോക്തൃക്കമ്മറ്റി രൂപീകരണം സംബന്ധിച്ച് നോട്ടീസ് വിതരണം ചെയ്തതായോ, അറിയിപ്പ് |

| | |
|---|---|
| | നൽകിയതായോ കാണുന്നില്ല. പ്രവൃത്തി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട 7 പേരിൽ 2 വനിതകൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>4. ഗുണഭോക്തൃക്കമ്മറ്റി മിനുട്ട്സില് ഒന്നിലും തന്നെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. 19.12.17ന തന്നെ കൺവീനർ കരാർ ഒപ്പുവെച്ചിട്ടുണ്ട്. 7.3.18ന് മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. കൺവീനർ 49 ബാഗ് സിമന്റ് (@₹.324) വാങ്ങിയത് PPM Traders ആറ്റാശേരി എന്ന സ്ഥാപനത്തിൽ നിന്നുമാണ് (കാഷ് ബിൽ നം.166/.20.3.18). കാഷ് ബില്ലിലെ തീയ്യതി 10.3.2018 എന്ന് തിരുത്തിയെഴുതിയിട്ടുണ്ടെങ്കിലും തൊട്ടടുത്ത നമ്പർ 167/20.3.18 പ്രകാരം പ്രോജക്ട് നമ്പർ 179/19(5/18): കാവുണ്ട സ്കൂൾ - കാവുണ്ട പാടം റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിക്കായി ബിൽ അനുവദിച്ചത് 20.3.18നായതുകൊണ്ട് ഈ തിരുത്തൽ സ്ഥാപനത്തിൽ നിന്നല്ല എന്ന് വ്യക്തമാവുന്നു. സ്ഥാപനത്തിന്റെ GST Registration നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതികൾ ബില്ലിൽ കാണിച്ചിട്ടുമില്ല. അളവ് പ്രകാരം 2092Kg സിമന്റ് ആണ് (@.32Tone for 6.69$M^3$) ആവശ്യമായി വരുന്നത്. ആവശ്യത്തിലും 7 ബാഗ് അധികം സിമന്റ് വാങ്ങിക്കുകയും ഇത് ഗുണഭോക്തൃക്കമ്മറ്റി മുമ്പാകെ വെച്ച വരവു ചെലവു കണക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>6. 19.3.18ന് പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണശേഷം ഗുണഭോക്തൃക്കമ്മറ്റി യോഗം ചേർന്ന് വരവുചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. യോഗ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.<br><br>7. മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.<br><br>8. ഈ പ്രവൃത്തി ഏത് വാർഡിലാണ് നടന്നത് എന്ന് ഫയലിൽ വ്യക്തമാവുന്നില്ല.<br><br>9. സിമന്റ് വാങ്ങിയിരിക്കുന്നത് അംഗീകൃത വ്യാപാരിയിൽ നിന്നുമല്ല. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/13-02-2020) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ ഈ പ്രവൃത്തികളുടെ നടപടികൾ പൂർത്തീകരിച്ചതും ബിൽ തയ്യാറാക്കിയതും ഓവർസിയർ ആയിരുന്നു എന്നും അധികച്ചുമതല

വഹിച്ചിരുന്നതാകയാൽ ബില്ലുകളെല്ലാം തന്നെ പൂർണ്ണമായി പരിശോധിക്കാൻ സാവകാശം ലഭിച്ചിരുന്നില്ല എന്നും പരാമർശിച്ചിട്ടുണ്ട്.

ഗുണഭോക്തൃക്കമ്മിറ്റി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ചട്ടങ്ങൾ പാലിക്കേണ്ടതും സർക്കാർ ഉത്തരവുകളും മാർഗനിർദ്ദേശങ്ങളും നിഷ്കർഷിക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

# 1-30 പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

i)ഗ്രാമ പഞ്ചായത്ത് ഓഫീസിലോ എഞ്ചിനീയറിങ് വിഭാഗത്തിലോ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള റോഡുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവയും തയ്യാറാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കപ്പെട്ട റോഡ് കണക്ടിവിറ്റി ഭൂപടത്തിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ റോഡുകളും ഉൾപ്പെട്ടിട്ടില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടുമില്ല. ഖണ്ഡിക 7.13(5)ൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിലുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവ തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. റീ ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രസ്തുത റോഡ് ടാർ ചെയ്ത വർഷം/അവസാനമായി റീ ടാറിങ്ങ് നടത്തിയ വർഷം ഇവ സൂചിപ്പിക്കേണ്ടതാണ്.

ii) സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(12)ൽ ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടു കൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കരിമ്പുഴ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ശ്രമം നടത്തിയിട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കണം.

# 1-31 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത്

# സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2018-19ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

ഭാഗം – 2

-പരാമർശങ്ങൾ ഇല്ല-

ഭാഗം – 3

-പരാമർശങ്ങൾ ഇല്ല-

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 28.06.2019 & 29.06.2019 | നം.കെ.എസ്.എ-പികെഡി.21/997/2019(22) |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 247600 | ഉഴവ് കൂലി | 247600 | |
| | 2018-19 | 856855 | ലൈഫ് (ജനറൽ) | 856855 | 0 |
| | 2018-19 | 125000 | 173/19: പാൽ സബ്സിഡി | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | 14/19: വികലാംഗ സ്കോളർഷിപ്പ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 1934150 | 7/19: ലൈഫ് (ജനറൽ) | 1934150 | 0 |
| | 2018-19 | 284600 | 8/19: ലൈഫ് (എസ്.സി.പി) | 0 | 284600 |
| | 2018-19 | 250000 | 173/19: പാൽ സബ്സിഡി | 250000 | 0 |
| | 2018-19 | 255000 | 75/19: നെൽകൃഷി വികസനം | 255000 | |

2011-12 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 400000/- രൂപയിൽ ചെലവു ചെയ്ത 354750/- രൂപ കഴിഞ്ഞ് ബാക്കി 45250/- രൂപ ബാലൻസ് ഉണ്ട്. പ്രൊജക്ടിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ പട്ടികയിൽ വിവരങ്ങൾ ചേർത്തിട്ടില്ല.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (കെ.എസ്.ഇ.ബി ഡെപ്പോസിറ്റ്)/172/19 | 21800118 /4.5.18 | 11020/- | 11020/- | 0 |
| | എലുമ്പലാശ്ശേരി അംഗ-നവാടി വൈദ്യുതി കണക്ഷൻ (326/19) | 21800898/ 21.1.19 | 16838/- | 16838/- | 0 |

| | | | | | |
|---|---|---|---|---|---|
| | അംബേദ്കർ കോളനി അംഗനവാടിവൈദ്യുതി കണക്ഷൻ (355/19) | 21800897/ 21.1.19 | 47164/- | 47164/- | 0 |
| കേരള വാട്ടർ അതോറിറ്റി ഷൊർണ്ണൂർ ഡിവിഷൻ | തുപ്പത്ത് കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ (149/19) | 12/8.11.18 | 100000/- | 0 | 100000 |
| | ചോർപ്പത്ത് കോളനി പൈപ്പ് ലൈൻ നീട്ടൽ(150/19) | 11/8.11.18 | 100000/- | 0 | 100000 |
| | കുലുക്കിലിയാട്കോളനി പൈപ്പ് ലൈൻ നീട്ടൽ (151/19) | 10/8.11.18 | 50000/- | 0 | 50000 |
| | തേക്കിൻ കാട് കോളനി പൈപ്പ് ലൈൻ നീട്ടൽ (152/19) | 21800635/ 8.11.18 | 120000 | 0 | 120000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 15720000രൂപ വരവുണ്ട്. 15720000രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ - ലൈഫ് പദ്ധതി | | 15720000 | 0 | 0 | 0 | 15720000 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 580/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 2-1 | 300 | ശ്രീ. ലോകേഷ് | 118030101088/ 15.5.18 |
| 2000-01 | 3-1 | 100 | ശ്രീ.സുനിൽ തോമസ് | 118030101089/ 15.5.18 |
| 2001-02 | 2-1 | 180 | ശ്രീ.രാധാകൃഷ്ണൻ.പി.വി | 118030101090/ 15.5.18 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 110550640 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79339907 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 212795 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 206,295 | ശ്രീമതി. ജെ. സുധ, സെക്രട്ടറി |
| 1-24 | 6500 | ശ്രീമതി. അനിത. ടി (എച്ച്. സി. ഇൻ ചാർജ്ജ് ഓഫ് അസി. സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജെ. സുധ, സെക്രട്ടറി | സെക്രട്ടറി, തൃക്കൂർ ഗ്രാമ പഞ്ചായത്ത് തൃശ്ശൂർ ജില്ല | കണ്ണംകുളത്ത് വീട്, പുല്ലാഴി പി.ഒ, ഒളരിക്കര, തൃശ്ശൂർ – 680012 |
| ശ്രീമതി. അനിത. ടി (എച്ച്. സി. ഇൻ ചാർജ്ജ് ഓഫ് അസി. സെക്രട്ടറി | എച്ച്.സി, കരിമ്പുഴ ഗ്രാമ പഞ്ചായത്ത് | ചിത്തിര, വലമ്പിലി മംഗലം.പി.ഒ, പാലക്കാട് – 679513 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്. പി.12/140/18-3-14 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്. പി.8/424(a)/25/12/08 | ടി |
| 1998-1999 | എൽ.എഫ്. പി.8/849/08/2-6-10 | ടി |
| 1999-2000 | എൽ.എഫ്. പി.8/849(b)/08/2-12-09 | ടി |
| 2000-2001 | എൽ.എഫ്. പി.8/1477/08/17-4-09 | ടി |
| 2001-2002 | എൽ.എഫ്. പി.8/849/09/17-11-09 | ടി |
| | | |

| | | |
|---|---|---|
| 2002-2003 | എൽ.എഫ്. പി.12/1993/11/16-3-11 | ടി |
| 2003-2004 | എൽ.എഫ്. പി.12/1990/11/16-3-11 | ടി |
| 2004-2005 | എൽ.എഫ്. പി.12/1991/11/15-3-12 | ടി |
| 2005-2006 | എൽ.എഫ്.പി.12/1267(1)/12/20-9-12 | ടി |
| 2006-2007 | എൽ.എഫ്. പി.12/1267(2)12/20-9-12 | ടി |
| 2007-2008 | എൽ.എഫ്. പി.12/1267(3)12/20-9-12 | ടി |
| 2008-2009 | എൽ.എഫ്. പി.12/1267(4)12/20-9-12 | ടി |
| 2009-2010<br>2010-2011 | എൽ.എഫ്. പി.12/1414/13/6-12-13 | ടി |
| 2011-2012 | എൽ.എഫ്. പി.12/1022/14/16-7-14 | ടി |
| 2012-13 | നം.എൽ.എഫ്.പി. 12- 340/15/9.04.15 | റിപ്പോർട്ട് |
| 2013-14 &<br>2014-15 | കെ.എസ്സ്.എ.പി.കെ.ഡി.14/1179/2016, തിയതി.1/8/2016 | ,, |
| 2015-16 | കെ.എസ്സ്.എ.പി.കെ.ഡി.14/ /2016, തിയതി. / /2016 | ടി |
| 2016-17 | കെ.എസ്സ്.എ.പി.കെ.ഡി.12/1873/2017 തിയ്യതി.20.10.17 | ടി |
| 2017-18 | കെ.എസ്സ്.എ.പി.കെ.ഡി.12/2397/18 തിയ്യതി.12.2.19 | ടി |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പികെഡി.21/997/2019(22)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തിയതി: 26-8-2019
Phone No.04912520145
e-mail. Dopkd.ksad@kerala.gov.in

## <u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. വസ്തുനികുതി - സാംഖ്യ, സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വസ്തുനികുതി ഡിമാന്റ്, കലക്ഷൻ,ബാലൻസ് - സഞ്ചയ പ്രകാരമുള്ള ബുക്ക് അഡ്ജസ്റ്റ്മെന്റ്സ് സാംഖ്യയിൽ പ്രതിഫലിക്കുന്നില്ല.
2. സചിത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.
4. താഴെ പറയുന്ന നിഷ്ക്രിയ അക്കൗണ്ടുകൾ നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല.

a. Treassury own fund-vpfa 1-2 Account - OB&CB is Rs. 594224/-

b. Treassury TPA -57 Account - OB&CB Rs.602/-

5. തൊഴിൽ നികുതി (Traders/Institutions) ഇനത്തിൽ 46300/- രൂപ കുടിശ്ശികയായി തുടരുന്നു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ലഭ്യമായില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD.21/997/2019(22)

Kerala State Audit Department
District Audit Office
Palakkad
Date: 26-8-2019
Phone No.04912520145
e-mail. Dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Karimpuzha Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.
In my opinion, the Financial Statements of Karimpuzha Gramapanchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Annexure

## Abstract Defects/Discrepancies

1. Property tax in AFS not in agreement with the sanchaya Statement. The demand, collection and balance with respect to current and arrear accounts differs in Sankhya and Sanchaya. The book adjustments as per Sanchaya do not reflect in Sankhya.

2. The data pertaining to Asset register not linked with Sankhya. Hence the correctness of the value of assets as per balance sheet could not be ascertained.

3. Stock register not maintained as value based.

4. The following non operating accounts not seen closed.

a. Treassury own fund-vpfa 1-2 Account - OB&CB is Rs. 594224/-

b. Treassury TPA -57 Account - OB&CB Rs.602/-

5. An amount of ₹46300/- still exists as arrears in respect of Profession Tax (traders/institutions). Arrear demand register not produced.

Deputy Director

# അനുബന്ധം- 2 പത്രികകൾ - പകർപ്പ്.

Karimpuzha GramaPanchayat

Balance Sheet

BALANE SHEET

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 19237797.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 65560086.00 |
| | Total Reserve & Surplus | | 84797883.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4580331.00 |
| | Total Grants, Contributions for Specific Purposes | | 4580331.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 15720000.00 |
| | Total Loans | | 15720000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 201477.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1231372.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1432849.00 |
| | TOTAL LIABILITIES | | 106531063.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 79846709.00 |
| | | | |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -23739769.00 |
| 412000000 | Capital Work in Progress | B-11(a) | 93200.00 |
| | Total Fixed Assets | | 56200140.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1496590.00 |
| 440000000 | Pre-paid Expenses | B-16 | 15720000.00 |
| 450000000 | Cash and Bank Balance | B-17 | 31210733.00 |
| 460000000 | Loans, Advances and Deposits | B-18 | 1903600.00 |
| | Total Current Assets, Loans and Advances | | 50330923.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 106531063.00 |

Karimpuzha Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7047122.00 |
| Cash | Cash | RP-40(a) | 108388.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 816261.00 |
| 140000000 | Fees & User Charges | RP-4 | 478579.00 |
| 150000000 | Sale & Hire Charges | RP-5 | 267998.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51419631.00 |
| 171000000 | Interest Earned | RP-9 | 73670.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8407778.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 394654.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 93253.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12000.00 |
| 330000000 | Secured Loans | RP-32 | 15720000.00 |
| 340000000 | Deposits Received | RP-34 | 70195.00 |
| 350000000 | Other Liabilities | RP-36 | 234434.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 25400677.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 110550640.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3838638.00 |
| 220000000 | Administrative Expenses | RP-12 | 1165056.00 |
| 230000000 | Operations & Maintenance | RP-13 | 1801537.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3865520.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 21917306.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1877135.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 453797.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 112970.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 5422348.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 4494.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 27000.00 |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -3895.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 167149.00 |
| 350000000 | Other Liabilities | RP-36 | 4219645.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 55.00 |
| 280000000 | Prior Period Item | RP-26 | -4182.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 106300.00 |
| 350000000 | Other Liabilities | RP-36 | 1544372.00 |
| 410000000 | Fixed Assets | RP-38 | 15457190.00 |
| 412000000 | Capital work in Progress | RP-40 | 93200.00 |
| 440000000 | Pre-paid Expenses | RP-45 | 15720000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1554272.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 30998901.00 |
| Cash | Cash | RP-40(b) | 211832.00 |
| | Grand Total | | 110550640.00 |

| Karimpuzha Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4598971.00 |
| 140000000 | Fee & User Charges | I-4(b) | 599029.00 |
| 150000000 | Sale & Hire Charges | I-5(b) | 267998.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 131558202.00 |
| 170000000 | Income from Investments | I-7 | 0.0 |
| | | | |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 73438.00 |
| 180000000 | Other Income | I-9 | 108695.00 |
| | Total Income | | 137206333.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9333621.00 |
| 220000000 | Administrative Expenses | I-11(b) | 1165056.00 |
| 230000000 | Operations & Maintenance | I-12(b) | 1994450.00 |
| 240000000 | Interest & Finance Charges | I-13 | 55.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4219688.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 50462639.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1881135.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 453797.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 57259170.00 |
| 255000000 | Maintenance Projects | I-14(e) | 5422348.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 4494.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 27000.00 |
| 272000000 | Depreciation | I-17(a) | 23739769.00 |
| | Total Expenditure | | 155963222.00 |
| | Gross Surplus/ Deficit of income over Expenditure | | -18756889.00 |
| 280000000 | Prior Period Item | I-18 | -569888.00 |
| | Gross Surplus/Deficit of Income over | | -18187001.00 |

| | | | |
|---|---|---|---|
| | Expenditure after prior period items. | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |